**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2383** **21-01-2021 - ൽ മറുപടിയ്ക്ക്**

**വ്യാപാരികളുടെ ടാക്സ് റിട്ടേൺ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | 2020 ഫെബ്രുവരി മുതൽ നാളിതു വരെയുള്ള ടാക്സ് റിട്ടേൺ സമർപ്പിക്കുന്നതിനുള്ള തീയതി ദീർഘിപ്പിക്കുന്ന കാര്യം കോവിഡ് പശ്ചാത്തലത്തിൽ സർക്കാർ തീരുമാനിക്കുമോ; | (എ) | ജി.എസ്.ടി നിലവിൽ വന്നതിന്റെ ഭാഗമായിട്ടുള്ള നൂറ്റിയൊന്നാമത് ഭരണഘടനാ ഭേദഗതി പ്രകാരം ജി.എസ്.ടി സംബന്ധമായ എല്ലാ കാര്യങ്ങളിലും തീരുമാനമെടുക്കാനുള്ള അധികാരം ജി.എസ്.ടി കൗൺസിലിൽ നിക്ഷിപ്തമായിരിക്കുന്നു. കേന്ദ്ര ധനകാര്യമന്ത്രി അധ്യക്ഷനായിട്ടുള്ള ജി.എസ്.ടി കൗൺസിലിൽ എല്ലാ സംസ്ഥാനങ്ങളിലെയും ധനകാര്യ മന്ത്രിമാർ അംഗങ്ങൾ ആണ്. ജി.എസ്.ടി റിട്ടേണുകളുടെ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള തീരുമാനം എടുക്കുന്നത് ജി.എസ്.ടി കൗൺസിൽ ആണ്. സംസ്ഥാനത്തിന് മാത്രമായി ഇക്കാര്യത്തിൽ തീരുമാനം എടുക്കാൻ ആവില്ല. എന്നിരുന്നാലും നിലവിലെ കോവിഡ് സാഹചര്യത്തിൽ ജി.എസ്.ടി-യിലെ മാസ, ത്രൈമാസ, വാർഷിക റിട്ടേണുകൾ ഫയൽ ചെയ്യുന്നതിനുള്ള തീയതികൾ ജി.എസ്.ടി കൗൺസിൽ എടുത്ത തീരുമാനപ്രകാരം പല തവണ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. നോട്ടിഫിക്കേഷൻ നം 15/2020, 31/2020, 32/2020, 33/2020, 34/2020, 36/2020, 51/2020, 52/2020, 53/2020, 64/2020, 68/2020 മുതലായ കേന്ദ്ര നോട്ടിഫിക്കേഷനുകളിലൂടെ ഫെബ്രുവരി 2020 ഉൾപ്പെടെയും അതിനു ശേഷവും ഫയൽ ചെയ്യേണ്ട പല തരത്തിലുള്ള ജി.എസ്.ടി റിട്ടേണുകളുടെ തീയതി നീട്ടി നൽകിയിട്ടുണ്ട്. തീയതി ഇനിയും നീട്ടിനൽകേണ്ടതുണ്ടോ എന്നത് ജി.എസ്.ടി കൗൺസിൽ ആണ് തീരുമാനം എടുക്കേണ്ടത്. |
| (ബി) | വ്യാപാരികൾ സമർപ്പിക്കേണ്ട സ്വയം പ്രഖ്യാപനവും ആയതിന്റെ അടിസ്ഥാനത്തിലുള്ള ലേറ്റ് ഫീ നൽകിയിട്ടും ഫൈൻ അടയ്ക്കേണ്ട സാഹചര്യം ഒഴിവാക്കുമോ; | (ബി) | ചരക്കു സേവന നികുതി നിയമം വകുപ്പ് 62 പ്രകാരം, വകുപ്പ് 46 അനുസരിച്ച് നോട്ടീസ് നൽകിയതിന് ശേഷവും ജി.എസ്.ടി റിട്ടേൺ ഫയൽ ചെയ്യാത്ത സ്ഥാപനങ്ങൾക്ക് പ്രോപ്പർ ഓഫീസർ ബെസ്റ്റ് ജഡ്ജ്മെന്റ് പ്രകാരം നികുതിയും പലിശയും പിഴയും ചുമത്തി ASMT 13 ഉത്തരവ് നൽകാവുന്നതാണ്. ഉത്തരവ് ലഭിച്ച് 30 ദിവസത്തിനകം ലേറ്റ് ഫീ അടച്ച |

| | | | |
|---|---|---|---|
| | | | റിട്ടേൺ ഫയൽ ചെയ്യുന്ന പക്ഷം മേൽ ഉത്തരവ് പിൻവലിച്ചതായി കണക്കാക്കപ്പെടും. |
| (സി) | 2020 സെപ്റ്റംബർ മുതൽ റിട്ടേൺ ഫയൽ ചെയ്യുന്നതിന് പിഴയും പലിശയും ഒഴിവാക്കി കേരളത്തിലെ വ്യാപാരി സമൂഹത്തിന് പ്രയോജനകരമായ തീരുമാനം സർക്കാർ ഭാഗത്തു നിന്നും ഉണ്ടാകുമോ; വിശദമാക്കുമോ? | (സി) | ജി.എസ്.ടി റിട്ടേൺ ഫയൽ ചെയ്യുന്നതിന്മേലുള്ള പിഴയും പലിശയും ഒഴിവാക്കുന്നതിൽ തീരുമാനം എടുക്കുന്നതിനുള്ള അധികാരം ജി.എസ്.ടി കൗൺസിലിന് ആണുള്ളത്. സംസ്ഥാന സർക്കാരിന് മാത്രമായി ഈ വിഷയത്തിൽ തീരുമാനം എടുക്കാൻ സാധിക്കില്ല. |

സെക്ഷൻ ഓഫീസർ